REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കഴിഞ്ഞ വർഷത്തെ നാഷണൽ ജിയോ സയൻസ് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **ഭക്ഷ്യമേഖലാ സംരംഭകർ ഇന്ത്യയെ ശുഭപ്രതീക്ഷയോടെയാണ് കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവഹണം ജനാധിപത്യ സംവിധാനത്തിലെ അടിസ്ഥാന തത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് എട്ട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത.**
- **ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ -പാകിസ്ഥാൻ ഫൈനൽ.**

## വാർത്തകൾ വിശദമായി

കഴിഞ്ഞ വർഷത്തെ നാഷണൽ ജിയോ സയൻസ് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും. ആജീവനാന്ത നേട്ടത്തിനും, ദേശീയ ജിയോ സയൻസ്മേഖലയിലെ സംഭാവനക്കും പുറമെ, ദേശീയ യുവ ശാസ്ത്രജ്ഞ അവാർഡും രാഷ്ട്രപതി ഭവനിലെ ചടങ്ങിൽ കൈമാറും.

✪✪✪

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്ത് സുപ്രധാന മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. ഇന്ത്യയുടെ ബഹിരാകാശ മേഖലയെ പുതിയ ഉയരങ്ങളിലേക്ക് എത്തിച്ച പരിവർത്തന നടപടികളാണ് ആകാശവാണി ഇന്ന് സേവാപർവ് പരമ്പരയിലൂടെ വിശദീകരിക്കുന്നത്.

.....വോയ്സ് ....

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ പ്രപഞ്ചവുമായി വിപ്ലവകരമായ ബന്ധങ്ങളാണ് രാജ്യം കൈവരിച്ചിരിക്കുന്നത്. ഭാവന യാഥാർത്ഥ്യത്തിലേക്കും, സ്വപ്നങ്ങൾ അസാധാരണ കണ്ടെത്തലുകളിലേക്കും എത്തിച്ചേരുകയാണ്. ബഹിരാകാശ മേഖലയിൽ ഒന്നിനുപുറകെ ഒന്നായി നാഴികക്കല്ലുകൾ കൈവരിക്കുന്നത് തികച്ചും സാധാരണമായി മാറിയിരിക്കുകയാണെന്ന് ദേശീയ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടിരുന്നു.

സെമി-ക്രയോജനിക് എഞ്ചിൻ, ഇലക്ട്രിക് പ്രൊപ്പൽഷൻ തുടങ്ങിയ അവശ്യ ബഹിരാകാശ സാങ്കേതികവിദ്യകളിൽ ദ്രുതഗതിയിലാണ് രാജ്യം പുരോഗതി നേടിയിരിക്കുന്നത്. ബഹിരാകാശരംഗത്തെ ഡോക്കിംഗ്, അൺഡോക്കിംഗ് ശേഷി കൈവരിച്ച നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയുടെ ബഹിരാകാശ യാത്ര, ഇന്ത്യയുടെ ആദ്യ മനുഷ്യ ബഹിരാകാശ യാത്രയായ ഗഗൻയാന്റെ വിജയത്തിലേക്ക് ആദ്യപടിയാണ്. 2035ഓടെ സ്വന്തം ബഹിരാകാശ നിലയം സ്ഥാപിക്കാൻ ഇന്ത്യ തയ്യാറെടുക്കുകയാണ്. സ്വകാര്യ മേഖലയെ ബഹിരാകാശ സാങ്കേതിക വികസനത്തിൽ ഉൾപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയപരമായ ഇടപെടലുകളുടെ വിജയമാണ് ഈ നേട്ടങ്ങൾ

✪✪✪

ദേശീയ ജല സുരക്ഷാ സംരംഭത്തിന് ന്യൂഡൽഹിയിൽ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനും ജലശക്തി മന്ത്രി CR പാട്ടീലും ചേർന്ന് തുടക്കമിട്ടു. ദേശീയ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ ഒരു ഭാഗം ജല സംരക്ഷ പദ്ധതികൾക്ക് നിർബന്ധമായി ചെലവിടണമെന്ന് ചടങ്ങിൽ ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഉയർന്ന ജലചൂഷണം ഉണ്ടാകുന്ന ഗ്രാമ മേഖലയിൽ പദ്ധതിയുടെ 65 ശതമാനത്തോളം ഫണ്ട് വെള്ളവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദി ജല സംരക്ഷണത്തിന് ഉയർന്ന പരിഗണനയാണ് നൽകിയിരിക്കുന്നതെന്ന് ജലശക്തി മന്ത്രി CR പാട്ടീൽ പറഞ്ഞു.

✪✪✪

ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിന് സുപ്രധാന ചുവടുവയ്പ്പാണ് അടുത്ത തലമുറ GST പരിഷ്കാരങ്ങൾ പ്രതിനിധീകരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്.......

മുമ്പത്തെ അഞ്ച്, 12, 18, 28 ശതമാനം GST സ്ലാബുകളെ അഞ്ച് ശതമാനം, 18 ശതമാനം എന്ന ദ്വിതല ഘടനയിലേക്ക് ലളിതമാക്കിയിരിക്കുകയാണ്.

പുകയില, ആഡംബര വസ്തുക്കൾ തുടങ്ങിയ തിരഞ്ഞെടുത്ത ഇനങ്ങൾക്ക് 40 ശതമാനം അധിക സ്ലാബ് ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാർ, തൊഴിലാളികൾ കൂടുതലായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ, കർഷകർ, കൃഷി, ആരോഗ്യ സംരക്ഷണം, സമ്പദ്‌വ്യവസ്ഥയുടെ മറ്റ് പ്രധാന ഘടകങ്ങൾ എന്നിവയ്ക്ക് പ്രയോജനം ചെയ്യുക എന്നതാണ് പുതുക്കിയ നിരക്ക് ലക്ഷ്യമിടുന്നത്.

✪✪✪

വികസിത ഭാരതം എല്ലാ മേഖലകളിലും രാജ്യത്തിന്റെ സമഗ്രവികാസമാണ് ലക്ഷ്യമിടുന്നതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. കോഴിക്കോട് കേസരി ഭവനിൽ നവരാത്രി സർഗോത്സവത്തിന്റെ നാലാം ദിവസത്തെ സർഗസംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2047 ഓടെ വികസിത ഭാരതം എന്നത് പ്രധാനമന്ത്രിയുടെ സ്വപ്നം മാത്രമല്ലെന്നും ഓരോരുത്തരും പങ്കുചേർന്ന് സാക്ഷാത്കരിക്കേണ്ട ലക്ഷ്യമാണെന്നും ഗവർണർ അഭിപ്രായപ്പെട്ടു. ആത്മനിർഭർ ഭാരതം സ്വദേശി സങ്കല്പം തന്നെയാണെന്നും ഗവർണർ വിശദീകരിച്ചു.

ചടങ്ങിൽ മികച്ച വനിതാ സംരംഭക പുരസ്കാരം പ്രശസ്ത ഗൈനക്കോളജിസ്റ്റ് ഡോ. മിലി മോനിക്ക് ഗവർണർ സമ്മാനിച്ചു.

✪✪✪

സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവഹണം ജനാധിപത്യ സംവിധാനത്തിലെ അടിസ്ഥാന തത്വമാണെന്നും അത് ജനങ്ങളുടെ അവകാശമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ഇ-ഗവേർണൻസ് പുരസ്കാരങ്ങൾ തിരുവനന്തപുരം IMGയിൽ വിതരണം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഭരണനേതൃത്വവും ഔദ്യോഗിക സംവിധാനവും യോജിച്ചു പ്രവർത്തിക്കുമ്പോൾ മാത്രമേ ഏത് പദ്ധതിയും വിജയത്തിലെത്തൂ എന്നും, സദ്ഭരണലക്ഷ്യങ്ങൾ നേടാൻ സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. ഇന്നലെ തെക്കൻ കേരളത്തിലെ പല ജില്ലകളിലും വ്യാപകമായി മഴ ലഭിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്തു ഇന്ന് തിരുവനന്തപുരം മുതൽ തൃശൂർ വരെ എട്ട് ജില്ലകളിലും ലക്ഷദ്വീപിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

(വോയ്സ് .............)

✪✪✪

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ  തിരുവനന്തപുരം ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി നൽകി. മുൻ നിശ്ചയിച്ച  പൊതു പരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ  മൻ കി ബാത്ത് മറ്റന്നാൾ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും.  ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും.  മൻ കി ബാത്തിന്റെ 126-ാംപതിപ്പാണിത്.

✪✪✪

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവിന് ഇന്ന് എറണാകുളം കറുകുറ്റിയിൽ തുടക്കമാവും. രണ്ടുദിവസത്തെ പരിപാടി നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ P രാജീവ്, MB രാജേഷ്, വീണാ ജോർജ് എന്നിവർ പങ്കെടുക്കും.

✪✪✪

കോട്ടയം മെഡിക്കൽ കോളജ് അപകടത്തിൽ മരിച്ച തലയോലപ്പറമ്പിലെ ബിന്ദുവിന്റെ കുടുംബത്തിന് NSS നവീകരിച്ച് നൽകുന്ന വീടിന്റെ താക്കോൽ മന്ത്രി ഡോ. R ബിന്ദു ഇന്ന് കൈമാറും. ഉമ്മൻകുന്നിൽ വൈകിട്ട് സംഘടിപ്പിക്കുന്ന ചടങ്ങിൽ മന്ത്രി VN വാസവനും സംബന്ധിക്കും.

✪✪✪

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ കേന്ദ്ര സംഘം ഇന്ന് പാലക്കാട് ജില്ല സന്ദർശിക്കും. കൃഷി ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംഘം രാവിലെ വടവന്നൂർ പാട ശേഖരത്തിലെ കർഷകരെ കാണും. തുടർന്ന് കൊല്ലങ്കോട്, പൊൽപ്പുള്ളി, മലമ്പുഴ എന്നിവിടങ്ങളിൽ കർഷകരുമായി ചർച്ച നടത്തും. സംഘം എലപ്പുള്ളി പാഡിക്കോയും സന്ദർശിക്കും.

✪✪✪

ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ -പാകിസ്ഥാൻ ഫൈനൽ. ഇന്നലെ ദുബായിൽ സൂപ്പർ ഫോർ മത്സരത്തിൽ ബംഗ്ലാദേശിനെ 11 റൺസിന് തോൽപ്പിച്ചാണ് പാകിസ്ഥാൻ രണ്ടാം ഫൈനലിസ്റ്റുകളായത്. ഞായറാഴ്ചയാണ് ഫൈനൽ.

ഏഷ്യ കപ്പിന്റെ 17 എഡിഷനുകളിൽ ആദ്യമായാണ് ഫൈനലിൽ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ഫൈനലിന് മുൻപ് സൂപ്പർ ഫോർ റൗണ്ടിലെ മറ്റൊരു മത്സരത്തിൽ ഇന്ന് ഇന്ത്യ ശ്രീലങ്കയെ നേരിടും.

✪✪✪

സാഫ് അണ്ടർ സെവൻടീൻ പുരുഷ ഫുട്ബോളിൽ ഇന്ത്യ നേപ്പാളിനെ മറുപടിയില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ചു. ഇതോടെ ഫൈനൽ ബെർത്ത് നേടിയ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

✪✪✪

കേരളം സുബ്രതോ കപ്പ് സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റ് ജേതാക്കളായി. ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഉത്തരാഖണ്ഡിലെ അമിനിറ്റി CBSE പബ്ലിക് സ്കൂളിനെ മറുപടിയില്ലാത്ത രണ്ട് ഗോളിന് തോൽപ്പിച്ചാണ് ജേതാക്കളായത്. ജേതാക്കളേയും കോച്ചിനേയും മന്ത്രി PA മുഹമ്മദ് റിയാസ് അഭിനന്ദിച്ചു.

മലപ്പുറത്ത് നിന്ന് M സുരേഷ് ബാബു.........

....വോയ്സ്.......

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസ് ആൺകുട്ടികളുടെ അണ്ടർ-19 വോളിബോളിൽ തൃശ്ശൂർ ജില്ല ജേതാക്കളായി. തിരുവനന്തപുരത്തെയാണ് അവർ തോൽപ്പിച്ചത്. അണ്ടർ 19 പെൺകുട്ടികളുടെ മത്സരങ്ങൾ രാവിലെ നടത്തും.

✪✪✪

സൗജന്യ ചികിത്സാ ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും, രോഗങ്ങൾക്ക് മുന്നിൽ ആർക്കും നിസ്സഹായരാകേണ്ടി വരില്ലെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു. പാലക്കാട് എലപ്പുള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മാറാത്തത് ഇനി മാറും എന്ന സന്ദേശവുമായി BJP സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ഗൃഹ സമ്പർക്കത്തിന് കോഴിക്കോട് ജില്ലയിൽ തുടക്കമായി. കോഴിക്കോട് സിറ്റി ജില്ലാ കമ്മറ്റിയുടെ പരിപാടി സംസ്ഥാന സെക്രട്ടറി K രഞ്ജിത്ത് ലഘുലേഖ നൽകി ഉദ്ഘാടനം ചെയ്തു.

✪✪✪

ബീവറേജസ് കോർപ്പറേഷന്റെ കാലി മദ്യക്കുപ്പികൾ ജനുവരി ഒന്ന് മുതൽ ഏതു ഔട്ട്ലെറ്റിലും തിരികെ നൽകി പണം വാങ്ങാൻ സാധിക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഇതിനാവശ്യമായ യന്ത്ര സംവിധാനം ജനുവരിക്ക് മുമ്പ് പൂർത്തിയാക്കും.

പാലക്കാട്, വണ്ടാഴി ഗ്രാമപഞ്ചായത്തിലെ മാലിന്യ പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പുതുക്കോട് പഞ്ചായത്തിലെ വാതക ശ്മശാനവും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

വയനാട് DCC പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞ ND അപ്പച്ചനെ AICC അംഗമായി തെരഞ്ഞെടുത്തു. ഇന്നലെ രാവിലെയാണ് അദ്ദേഹം DCC പ്രസിഡന്റ് സ്ഥാനം രാജിവെച്ചത്.

വയനാട് DCC പ്രസിഡന്റായി KPCC സെക്രട്ടറി DJ ഐസക്കിനെ പ്രഖ്യാപിച്ചു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത ആനന്ദ്, നിമിഷ ജി*
*DEO : സി കെ സുബോധ്*